(ബി) ഹയർസെക്കണ്ടറിയിലെ അഞ്ചു വർഷത്തെ സ്ഥലം മാറ്റ വ്യവസ്ഥ പ്രകാരം എത്ര പേർ വിദ്യാലയങ്ങളിൽനിന്ന് വിടുതൽ ചെയ്തുവെന്നും എത്ര പേർ പുതുതായി ജോലിയിൽ പ്രവേശിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) നിലവിൽ ഒഴിവുകളില്ലാതിരിക്കുകയും സ്ഥലം മാറ്റ പ്രകാരം ജോലിയിൽ പ്രവേശിക്കുകയും വഴി ഒരേ തസ്തികയിൽ ഒന്നിലധികം പേർ ജോലി ചെയ്യുന്ന വിദ്യാലയങ്ങൾ ഉണ്ടോ; എങ്കിൽ അവ ഏതെല്ലാമാണ്; ഇവരെ പുനഃക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

ചടയമംഗലം മണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ നടപ്പിലാക്കിയ നിർമ്മാണ പ്രവർത്തനങ്ങൾ

66(2924) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം മണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ വിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പിലാക്കിയ നിർമ്മാണ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി ചെലവഴിച്ച തുകയും സ്കൂളുകളുടെ പേരും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പ്രവേശനം അവസാനിപ്പിച്ച ശേഷം ഹയർസെക്കണ്ടറി സ്കൂളുകൾക്ക് അനുമതി

67(2925) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ അദ്ധ്യയന വർഷത്തെ പ്രവേശനം അവസാനിപ്പിച്ച ശേഷം നാളിതുവരെ എത്ര ഹയർസെക്കണ്ടറി സ്കൂളുകൾക്ക് അനുമതി നൽകിയെന്ന് അറിയിക്കാമോ; ഇതിൽ എയിഡഡ് മേഖലയിൽ എത്രയെണ്ണമുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

ഈ അദ്ധ്യയന വർഷത്തെ പ്രവേശനം അവസാനിപ്പിച്ചശേഷം പുതിയ ഹയർസെക്കണ്ടറി സ്കൂളുകൾക്കൊന്നും അനുമതി നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly